GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിലെ തെഞ്ചേരിക്കോണം പാടശേഖരത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി തരിശു കിടക്കുന്ന വയൽ കൃഷിയോഗ്യമാക്കി നെൽകൃഷി ഇറക്കുന്നു. മണമ്പൂർ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, തെഞ്ചേരിക്കോണം പാടശേഖരസമിതി എന്നിവരുടെ സംയുക്ത ശ്രമഫലമായി 13 ഏക്കർ തരിശു നിലത്തിലാണ് ആദ്യഘട്ടം കൃഷിയിറക്കുന്നത്. **എം.എൽ.എ ഒ.എസ്. അംബികയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. റ്റി. സിദ്ദിഖ് നാളെ ( 2026 ജൂലൈ 8 ബുധനാഴ്ച) വൈകുന്നേരം 4 മണിക്ക് തെഞ്ചേരിക്കോണം അമുന്തിരത്ത് മഠത്തിന് സമീപം വെച്ച് "വിത്തുണര് – 2026" ന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു.** ഇതോടനുബന്ധിച്ച് രാവിലെ 9

മണി മുതൽ മരമടി മഹോത്സവം, കന്നുപൂട്ട്, കാർഷികോൽപ്പന്ന പ്രദർശനം, സെമിനാർ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചടയമംഗലം, വെളിനെല്ലൂർ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ, ചിതറ, കുമിൾ, നിലമേൽ എന്നീ കൃഷിഭവനുകളിൽ ഗുണമേന്മയുള്ള പച്ചക്കറി വിത്തു പാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. താല്പര്യമുള്ള കർഷകർ കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് ചടയമംഗലം ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ നസീം എം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9496371409 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരളത്തിലെ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി കർഷക സഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിക്കുന്നു. കാർഷിക സേവനങ്ങൾ താഴെത്തട്ടിൽ ഫലപ്രദമായി എത്തിക്കാനും പരമ്പരാഗത കാർഷിക രീതികളെ പ്രോത്സാഹിപ്പിക്കാനും ഇതിലൂടെ സാധിക്കും. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് **വെള്ളനാട് ബ്ലോക്ക്തല കർഷകസഭയും ഞാറ്റുവേല ചന്തയും** വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ഇന്ന് രാവിലെ 10 മണിക്ക് വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെറുവക്കോണം സത്യൻ ഉദ്ഘാടനം നിർവഹിക്കുന്നു.

4. കേന്ദ്ര സർക്കാർ സ്ഥാപനമായ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് Rural Self Employment Training Institute( RSETI) തിരുവനന്തപുരം കേന്ദ്രത്തിൽ സൗജന്യ കൂൺ കൃഷി പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. 10 ദിവസത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. പ്രായപരിധി 18-50. അഭിമുഖം ഈ മാസം 10ന് സ്റ്റാച്യു ഉപ്പളം റോഡിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തുന്നു . കൂടുതൽ വിവരങ്ങൾക്ക് 04712322430, 8891228788 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക .

5. കോട്ടയം ജില്ലയിലെ കോഴ ജില്ലാ കൃഷി തോട്ടത്തിൽ മികച്ച ഹൈബ്രിഡ് തെങ്ങിൻ തൈകൾ 250 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 10 മുതൽ നാലു വരെ. കൂടുതൽ വിവരങ്ങൾക്ക് 9383470721, 9383470722, 9383470723 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 7,8,9 തീയതികളിൽ **ഇടുക്കി ജില്ലയിലെ** കർഷകരുടെ അപേക്ഷ സംബന്ധിച്ച സിറ്റിംഗ് നടത്തും. ചെറുതോണി ജില്ലാവ്യാപാര ഭവനിൽ നടത്തുന്ന സിറ്റിംഗിൽ ചെയർമാൻ റിട്ട. ജസ്റ്റിസ് കെ . അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. അന്നേ ദിവസങ്ങളിൽ രാവിലെ 9ന് ആരംഭിക്കുന്ന-സിറ്റിംഗിൽ ഹിയറിംഗ് നോട്ടീസ് ലഭിച്ചവർ മതിയായ

രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകേണ്ടതാണെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചു.

7. കേരള അഗ്രിക്കൾകച്ചറൽ യൂണിവേഴ്സിറ്റി, സെന്റർ ഫോർ അഗ്രിക്കൾകച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT), വെള്ളായണി "ശാസ്ത്രീയ പച്ചക്കറി കൃഷി" എന്ന വിഷയത്തിൽ ഈ മാസം 9 ന് രാവിലെ 9.30 മുതൽ 4 മണി വരെ CAITT Training Hall, വെള്ളായണി കാർഷിക കോളേജിൽ വച്ച് പരിശീലനം നൽകുന്നു. രെജിസ്ട്രേഷൻ ഫീസ് 500/-. താൽപര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8891540778 എന്ന ഫോൺ നമ്പറിലോ caittvellayani@kau.in എന്ന ഈ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.